## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1698 | 16.03.2015 ൽ മറുപടിയ്ക്ക് |
|---|---|
| വിവാഹ പൂർവ്വ കൗൺസലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി | |
| ചോദ്യം | ഉത്തരം |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ദാമ്പത്യ ബന്ധങ്ങൾ തകരുകയും കുടുംബ കോടതികളിൽ കേസുകൾ വർദ്ധിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് വിവാഹപൂർവ്വ കൗൺസിലിംഗ് കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) ദാമ്പത്യ ബന്ധങ്ങൾ തകരുകയും കുടുംബ കോടതികളിൽ കേസുകൾ വർദ്ധിക്കുകയും ചെയ്യുന്നതിനുള്ള പരിഹാരമായി കേരള വനിതാ കമ്മീഷൻ ആസ്ഥാനത്ത് ഫുൾടൈം കൗൺസിലേഴ്സിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. വിവാഹത്തിനുശേഷം വളരെ ചുരുങ്ങിയ കാലംകൊണ്ട് വേർപിരിയുന്ന ദമ്പതിമാരുടെ എണ്ണം കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേരള വനിതാ കമ്മീഷൻ ജില്ലകൾതോറും 'വിവാഹ പൂർവ്വ ബോധവൽക്കരണ ശില്പശാല' നടത്തിവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ